(ബി) എങ്കിൽ എത്ര കുടുംബങ്ങൾക്ക് അധികമായി ഇത്തരം റേഷൻ കാർഡ് കൊടുക്കേണ്ടതായി വരും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരിൽ തന്നെ ഏറ്റവും ദരിദ്രരായവർക്കു വേണ്ടി നടപ്പിലാക്കി വരുന്ന അന്ത്യോദയ-അന്നയോജന പദ്ധതിയുടെ 3-ാം ഘട്ട വിപുലീകരണം നടപ്പാക്കിയപ്പോൾ നിലവിലുണ്ടായിരുന്ന എല്ലാ ആശ്രയ കുടുംബങ്ങളേയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) കേന്ദ്ര സർക്കാരിൽ നിന്നും കൂടുതൾ കുടുംബങ്ങളെ ഉൾപ്പെടുത്താൻ അനുമതി ലഭിക്കുന്ന മുറയ്ക്ക്, കുടുംബശ്രീ പദ്ധതി കൂടുതൽ പഞ്ചായത്തുകളിൽ നടപ്പിലാക്കുമ്പോൾ തെരഞ്ഞെടുക്കപ്പെടുന്ന ആശ്രയ കുടുംബങ്ങളെ, ബി.പി.എൽ./ അന്ത്യോദയ-അന്നയോജന പദ്ധതികളിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

റേഷൻ വ്യാപാരി ക്ഷേമനിധി

142 [1269] ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ വ്യാപാരി ക്ഷേമനിധി പദ്ധതിയനുസരിച്ച് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് പറയാമോ ;

(ബി) ഇപ്പോൾ പ്രതിമാസ പെൻഷൻ എത്ര രൂപയാണ് ; ഈ ഇനത്തിൽ കുടിശ്ശികയുണ്ടോ ; എങ്കിൽ എത്ര മാസത്തെ കുടിശ്ശികയാണുള്ളത് എന്ന് വ്യക്തമാക്കുമോ ;

(സി) ഇപ്പോൾ പെൻഷനർഹരായവരുടെ എണ്ണം എത്രയെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) റേഷൻ വ്യാപാരി ക്ഷേമനിധി പദ്ധതിയനുസരിച്ച്, ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ള റേഷൻ വ്യാപാരികൾക്ക് അർഹതയുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ആനുകൂല്യങ്ങൾ നൽകുന്നു :

1. പെൻഷൻ
2. ചികിത്സാധനസഹായം
3. മരണാനന്തര ധനസഹായം
4. റേഷൻ വ്യാപാരി അല്ലാതാകുമ്പോൾ അടച്ച അംശാദായം തിരിച്ച് നൽകൽ.
5. റേഷൻ വ്യാപാരികളുടെ മക്കൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രതിമാസ പെൻഷൻ 500 രൂപയാണ്. മൂന്ന് മാസത്തിലൊരിക്കൽ എന്ന രീതിയിൽ വർഷത്തിൽ 4 തവണയായി മണിയോർഡർ മുഖാന്തിരമാണ് പെൻഷൻ നൽകുന്നത്. 31-12-2005 വരെയുള്ള പെൻഷൻ 4-1-2006-ൽ വിതരണം ചെയ്തു. 1-1-2006 മുതൽ 31-3-2006 വരെയുള്ള മൂന്ന് മാസത്തെ പെൻഷൻ 1-4-2006-ൽ വിതരണം നടത്തും. ഇപ്പോൾ പെൻഷൻ കുടിശ്ശികയില്ല.

(സി) ഇപ്പോൾ 584 പെൻഷണർമാരുണ്ട്.

ആഘോഷവേളയിൽ വിദ്യാർത്ഥികൾക്ക് നൽകിയ അരിയുടെ അളവ്

143 [1270] ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഓണം, റംസാൻ, ക്രിസ്തുമസ് കാലത്ത് ഓരോ വർഷവും എത്ര കിലോഗ്രാം അരി സ്കൂൾ വിദ്യാർത്ഥികൾക്ക് നൽകിയിട്ടുണ്ട് ; ഫെസ്റ്റിവൽ തിരിച്ചും വർഷം തിരിച്ചും വ്യക്തമാക്കാമോ ;

(ബി) എത്ര ടൺ അരി ഈ പദ്ധതിക്കായി സർക്കാർ ഉപയോഗപ്പെടുത്തി ; മുൻ സർക്കാർ എത്ര ടൺ അരി ഉപയോഗപ്പെടുത്തി ;

(സി) ഈ പദ്ധതി നടപ്പിലാക്കുന്നതിൽ വീഴ്ച വന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇത് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു :

(അളവ് ക്വിന്റലിൽ)

വർഷം	ഓണം	റംസാൻ/ ക്രിസ്തുമസ്	ആകെ
2001-02	138245.55	137609.70	275855.25
2002-03	135731.55	134279.60	270011.15
2003-04	131254.05	220373.34	351627.39
2004-05	121220.38	250482.64	371703.02
2006-06	97140.00	. .	97140.00
		ആകെ	1366336.81

(ബി) ഈ സർക്കാർ 1366336.81 ക്വിന്റൽ അരിയും മുൻ സർക്കാർ 1497430.19 ക്വിന്റൽ അരിയും ആഘോഷ വേളകളിൽ നൽകിയിട്ടുണ്ട്.

(സി) ഈ പദ്ധതി നടപ്പിലാക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly